**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5556** **05-07-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീര സംഘങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ക്ഷീര സംഘങ്ങളെ നവീകരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന വിശദവിവരം ലഭ്യമാക്കാമോ; | (എ) | ക്ഷീരസംഘങ്ങളെ നവീകരിക്കുന്നതിനു അവശ്യാധിഷ്ഠിത പദ്ധതി, ഹൈജീനിക്ക് മിൽക്ക് കളക്ഷൻ റൂം സ്ഥാപിക്കുന്നതിനുള്ള ധനസഹായം, ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള ധനസഹായം, സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള ധനസഹായം, ഇ.റ്റി.പി സ്ഥാപിക്കുന്നതിനുള്ള ധനസഹായം, ക്ഷീരസംഘങ്ങളുടെ ഓട്ടോമേഷൻ ആവശ്യങ്ങൾക്കുള്ള ധനസഹായം, ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം, പാലിലെ ആന്റിബയോട്ടിക്ക്, അഫ്ലാടോക്സിൻ എന്നിവ പരിശോധിക്കുന്നതിനുള്ള കിറ്റ് വാങ്ങുന്നതിനുള്ള ധനസഹായം, ക്ഷീരസംഘങ്ങൾ FSSAI പാലിക്കുന്നതിനുള്ള ധനസഹായം തുടങ്ങിയവ ക്ഷീരവികസന വകുപ്പ് മുഖേന നല്കി വരുന്നുണ്ട്. |
| (ബി) | ആലപ്പുഴ മണ്ഡലത്തിൽ ക്ഷീര സംഘങ്ങളിൽ ഗുണനിലവാരം പരിശോധിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യയിലുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (ബി) | ആലപ്പുഴ മണ്ഡലം - കഞ്ഞിക്കുഴി ബ്ലോക്കിലെ മാരാരിക്കുളം വടക്ക് ക്ഷീര സംഘത്തിൽ ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് 2 എണ്ണം, ഇലക്ട്രിക് സെൻട്രിഫ്യൂജ് ഒരെണ്ണം, മിൽക്കോടെസ്റ്റർ ഒരെണ്ണം അനലൈസർ എന്നിങ്ങനെയുള്ളവ പാൽ ഗുണനിലവാരം പരിശോധിക്കാൻ സ്ഥാപിച്ചിട്ടുണ്ട്.<br><br>ആലപ്പുഴ മണ്ഡലത്തിൽ ഉൾപ്പെട്ട, ആര്യാട് ബ്ലോക്കിലെ എല്ലാ ക്ഷീര സംഘങ്ങളിലും ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ്, ഇലക്ട്രിക് സെൻട്രിഫ്യൂജ്, അനലൈസർ, മിൽക്കോടെസ്റ്റർ എന്നീ ആധുനിക സാങ്കേതിക വിദ്യകൾ പാൽ ഗുണനിലവാരം പരിശോധിക്കാൻ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ